**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 497** **08-10-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് മുതൽ 20 ശതമാനം തുക വകയിരുത്തിയ വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് മുതൽ 20 ശതമാനം തുക വകയിരുത്തിയ വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II എന്ന ബജറ്റ് രേഖയിൽ നിന്നും ക്രോഡീകരിച്ച് അനുബന്ധം-I – ൽ നൽകിയിരിക്കുന്നു. |
| (ബി) | ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II എന്ന ബജറ്റ് രേഖയിൽ 20 ശതമാനം വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. |
| (സി) | 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താനും ഭരണവകുപ്പുകളുടെ സഹകരണത്തോടെ അവ പ്രാവർത്തികമാക്കാനും ധനകാര്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | 20% തുക വകയിരുത്തിയിട്ടുള്ള മുൻഗണന പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിനും പ്രവൃത്തി പൂർത്തീ കരിക്കേണ്ടതിനുമുള്ള തുടർനടപടികൾ ബന്ധപ്പെട്ട ഭരണവകുപ്പുകൾ/ നിർവ്വഹണ വകുപ്പുകളാണ് കൈക്കൊള്ളേണ്ടത്. |

സെക്ഷൻ ഓഫീസർ

| 12th Session-LA Q 497 (08/10/2024) | | |
|---|---|---|
| Details of works from WORKS BUDGET 2023-24 | | |
| SL No. | Project | അനുവദിച്ച തുക (ലക്ഷത്തിൽ) |
| 2021-22 | | |
| 1 | പള്ളിപ്പുറം കോൺവെൻറ് ബീച്ച് പാലം അപ്രോച്ച് റോഡിൻറെ ഭൂമിയേറ്റെടുക്കൽ | 65.8 |
| 2 | ചെറിയ കടമക്കുടിപ്പാലം | 200 |
| 2022-23 | | |
| 3 | വൈപ്പിൻ ബ്ലോക്കിനു കീഴിൽ ആംബുലേറ്ററി ലാബും, വന്ധ്യതാ ക്ലിനിക്കും, ചാണക സംസ്കാര യൂണിറ്റും ആരംഭിക്കുന്ന പദ്ധതി | 30 |
| 4 | കടമക്കുടി ഉൾപ്പെടെയുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളെ ബന്ധിപ്പിച്ച് ഗ്രാമീണ, കായൽ ടൂറിസം വികസനത്തിനുള്ള പദ്ധതി | 160 |
| 5 | പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെറായിയിൽ സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് സമീപം മിശ്രഭോജനത്തിന്റെ സ്മരണയ്ക്കായി സ്മാരകം | 14 |
| 6 | പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ ചെറായിയിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരത്തിന് അധിക തുക | 12 |
| 2023-24 | | |
| 7 | എടവനക്കാട് ഗ്രാമപഞ്ചായത്തിൽ സെയ്ത്മുഹമ്മദ് റോഡിന്റെ സൈഡ്കെട്ടി സംരക്ഷണം | 70 |
| 8 | വൈപ്പിൻ-മുനമ്പം സംസ്ഥാന പാതയിൽ മാലിപ്പുറം പാലം വീതി കൂട്ടി പുനർനിർമാണം സ്ഥലം എടുക്കൽ ഉൾപ്പടെ | 140 |
| 2024-25 | | |
| 9 | ഗവ യു.പി സ്കൂൾ,വൈപ്പിൻ കെട്ടിട നിർമ്മാണം | 40 |
| 10 | ഗവ എൽ.പി സ്കൂൾ,എളങ്കുന്നപ്പുഴ കെട്ടിട നിർമ്മാണം | 40 |
| 11 | വൈപ്പിൻ സർക്കാർ കോളേജിന് കെട്ടിട നിർമ്മാണം(സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ) | 120 |